## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4200.** **16.03.2017 ന് മറുപടിയ്ക്ക്**

### ഫിഷിംഗ് ഹാർബറുകൾ കേന്ദ്രീകരിച്ച് മയക്കമരുന്ന മാഫിയ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകൾ കേന്ദ്രീകരിച്ച് മയക്കമരുന്നിന്റെയും കഞ്ചാവിന്റെയും മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മയക്ക മരുന്നുകൾ കടൽ മാർഗ്ഗം സംസ്ഥാനത്ത് എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലും ബീച്ചുകളിലും വ്യാപകമായി മയക്ക മരുന്ന്, കഞ്ചാവ് എന്നിവ വിപണനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള പ്രദേശങ്ങളും ബീച്ചുകളും അടക്കമുള്ള തീരദേശ മേഖലകളിൽ എക്സൈസ് വകുപ്പ് നിരന്തരം ശക്തമായ പരിശോധനകൾ നടത്തുകയും കൃത്യമായ ഇടവേളകളിൽ കോസ്റ്റ് ഗാർഡിന്റെ സഹായത്തോടെ കടലിൽ പോയി പരിശോധനകളും നിരീക്ഷണവും നടത്തുകയും ചെയ്തു വരുന്നു. ഫിഷറീസ് വകുപ്പും തീരദേശ പോലീസുമായി ചേർന്ന് യോജിച്ചുള്ള പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് ടി മേഖലയിൽ നടപ്പാക്കി വരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ്,ഷാഡോ എക്സൈസ് വിഭാഗങ്ങളുടെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | ങ്ങളും പ്രസ്തുത മേഖലകളിൽ സജീവമായി നടത്തുന്നു. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ "വിമുക്തി"-യുടെ പ്രവർത്തനങ്ങളും ഇത്തരം മേഖലകളിലും ഫലപ്രദമായി നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**